# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3906 — 27.06.2012-ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിൽ സ്കൂൾ ഹെൽത്ത് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 2012-13 ബജറ്റിൽ സൂചിപ്പിച്ച സ്കൂൾ ഹെൽത്ത് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) നടപ്പു സാമ്പത്തികവർഷം (2012-13) എല്ലാ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് (വൊക്കേഷണൽ, ടെക്നിക്കൽ, ഹയർ സെക്കണ്ടറി സ്കൂളുകൾ) സ്കൂളുകളിലും ഉൾപ്പെടെ 13763 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ കേന്ദ്രാനുമതി ലഭിച്ചു. ഇതിൻപ്രകാരം സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3434 ജെ.എച്ച്.ഐ മാർക്കും, 5500 ൽപ്പരം വരുന്ന സർവ്വീസിലുള്ള ജെ.പി. എച്ച്.എൻ മാർക്കും, 667 എൻ.ആർ.എച്ച്.എം ജെ.പി. എച്ച്.എൻമാർക്കും പരിശീലനം, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ജെ.പി.എച്ച്.എൻ എന്നിവർക്ക് കൈപ്പുസ്തകം, മറ്റ് ഡിപ്പാർട്ടുമെന്റുമായുള്ള സംസ്ഥാന/ജില്ലാതല യോഗങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ഡോക്ടറുടെ സന്ദർശനം, ഹെൽത്ത് ക്ലബ് അംഗങ്ങളുടെ ശാക്തീകരണം, ഹെൽത്ത് ക്ലബുകളുടെ തുടർപ്രവർത്തനം, പുതിയ പ്രോജക്ടുകൾ, ARSH ശിൽപ ശാലകൾ, സ്കൂൾ രജിസ്റ്റർ, ജെ.പി.എച്ച്.എൻ/ ജെ.എച്ച്.ഐ ഡയറി തുടങ്ങിയവയുടെ പ്രിന്റിംഗ്, പദ്ധതി അവലോകനം വിശകലനം, ഇലക്ട്രോണിക് ഡാറ്റാ ബേസ്, വെബ്സൈറ്റ് നിർമ്മാണം, പരിശോധനക്കാവശ്യമായ ഉപകരണങ്ങൾ എന്നിവയാണ് 2012-13 ബഡ്ജറ്റിൽ സൂചിപ്പിച്ച സ്കൂൾ ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഉദ്ദേശിക്കുന്നത്. |
| (ബി) കോങ്ങാട് മണ്ഡലത്തെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഉണ്ട്. 2009-10 അദ്ധ്യയന വർഷത്തിൽ കോങ്ങാട് ഹെൽത്ത് ബ്ലോക്കിലെ 10 സ്കൂളുകളിൽ വിദ്യാലയ ആരോഗ്യപദ്ധതി നടപ്പിലാക്കിവരുന്നു. 2011-12 അദ്ധ്യയന വർഷം (സെപ്റ്റംബർ മുതൽ) കോങ്ങാട് ഹെൽത്ത് ബ്ലോക്കിലെ മുഴുവൻ ഗവൺമെന്റ്-ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലും പദ്ധതി വ്യാപിപ്പിച്ചു. എൻ.ആർ.എച്ച്.എം-ലെ കരാർ അടിസ്ഥാനത്തിലുള്ള 9 ജെ.പി.എച്ച്.എൻ മാരുടെ സേവനം കോങ്ങാട് ഹെൽത്ത് ബ്ലോക്കിലെ 24 ഗവൺമെന്റ് - ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. ഈ ബ്ലോക്കിലെ ബാക്കിവരുന്ന എല്ലാ സ്കൂളുകളിലെ കുട്ടികൾക്കും ആഴ്ചയിൽ ഒരു ദിവസം വീതം ആരോഗ്യവകുപ്പിലെ സർവ്വീസ് ജെ.പി.എച്ച്. എൻമാരുടെ സേവനം നൽകിവരുന്നു. |
| (സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ